വേണ്ടി 2.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഒരു ജലസംഭരണിയാണ് ഉദ്ദേശിച്ചിരുന്നത്. ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന, പിറളശ്ശേരിക്കും സമീപ പ്രദേശങ്ങൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി എരുവെട്ടി സെൻസസ് ടൗണിനുവേണ്ടി 6.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഒരു ജലസംഭരണി വിഭാവന ചെയ്തിട്ടുണ്ട്. എരുവെട്ടി ത്വരിതഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയ്ക്കുകൂടി പ്രയോജനപ്പെടുംവിധം ഒരു ശുദ്ധജല സംഭരണി നിർമ്മിക്കാൻ അംഗീകാരം നൽകുകയും അതിനുള്ള ടെൻഡർ കണ്ണൂർ വാട്ടർ സപ്ലൈ പ്രോജക്ട് ഡിവിഷൻ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. അവസാന തീയതി 18.4.2000 ആണ്. ടാങ്കിന്റെ പണി പൂർത്തിയാകുന്നതോടെ എരുവെട്ടി പദ്ധതിയിൽ ജലവിതരണം നടത്താൻ കഴിയും. മാങ്ങാട്ടിടം, കണ്ടംകുന്നം ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ മൂന്ന് കിണറുകളാണ് ഉള്ളത്. അതിൽ രണ്ട് എണ്ണത്തിന്റെ പണി പൂർത്തിയായി, മൂന്നാമത്തേതിന്റെ പണി ആദ്യത്തെ കരാറുകാരൻ തീർക്കാത്തതിനാൽ കരാറുകാരന്റെ സാമ്പത്തിക ബാദ്ധ്യതയിൽ പണി റദ്ദ് ചെയ്യുകയും വർക്ക് റീ-ടെൻഡർ ചെയ്യുകയും ചെയ്തു. ജലവിതരണ കുഴലുകൾ സ്ഥാപിക്കുന്നതിന് വർക്ക് ഓർഡറുകൾ നൽകിക്കഴിഞ്ഞു. ആ പണി രണ്ട് മാസത്തിനുള്ളിൽ തീർക്കാൻ കഴിയും.

(14) കരിങ്കൽ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

<u>ശ്രീ. എഴുകോൺ നാരായണൻ</u> : സർ, നമ്മുടെ സംസ്ഥാനത്ത് കരിമ്പാറയ്ക്കും കരിമണലിനും മദ്ധ്യേ ജീവനെപ്പോലും പണയപ്പെടുത്തിക്കൊണ്ട് പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങളാണ് ഈ സബ്മിഷനിൽക്കൂടി ഞാൻ ഉന്നയിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് വളരെയേറെ അപകടകരമായ സാഹചര്യത്തിലും ജീവിക്കാൻവേണ്ടി പണിയെടുക്കുന്ന ലക്ഷക്കണക്കിന് കരിങ്കൽ തൊഴിലാളികൾക്ക് പ്രത്യേകം ക്ഷേമനിധിയും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചിട്ടില്ല. കരിങ്കൽ തൊഴിലാളികൾക്ക് അപകടമുണ്ടായാൽ അപകടത്തിന്റെ സ്വഭാവമനുസരിച്ച് ആശ്വാസധനം പോലും ലഭിക്കുന്നില്ല. 1948-ലെ ബോണസ് ആക്ടിന്റെ പരിധിയിലാണ് കരിങ്കൽ തൊഴിലാളികളെ ഇപ്പോഴും ഉൾപ്പെടുത്തിയിട്ടുള്ളത്. കരിങ്കൽ മേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലി കാലോചിതമായി പുതുക്കി നിശ്ചയിക്കുന്നതിന് ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് അർഹമായ പരിരക്ഷയും ആനുകൂല്യങ്ങളും നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി <u>(ശ്രീ. വി.പി. രാമകൃഷ്ണപിള്ള)</u> : സർ, 1948-ലെ മിനിമം വേതന നിയമപ്രകാരം കരിങ്കൽ തൊഴിലാളികളെ മിനിമം വേതനത്തിന് അർഹരായ തൊഴിലാളികളുടെ പട്ടികയിൽപ്പെടുത്തുകയും അവർക്ക് മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇവരുടെ മിനിമം വേതനം അവസാനമായി പുതുക്കി നിശ്ചയിച്ചത് (1983-ൽ ആണ്. മിനിമം വേതനം വീണ്ടും പുതുക്കി നിശ്ചയിക്കുന്നതിന് വേണ്ട നടപടികൾ തുടർന്നുവരുന്നു. 1998-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് റൂൾ പ്രകാരം രൂപീകരിച്ച ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകാൻ ഇവർക്ക് അർഹതയുണ്ട്. ഈ ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. ഇത്തരത്തിൽ കരിങ്കൽ തൊഴിലാളികൾക്കു മാത്രമായി ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്നകാര്യം പരിഗണനയിൽ ഇല്ല. കരിങ്കൽ തൊഴിലാളികളെ 1923-ലെ വർക്ക്മെൻ കോമ്പൻസേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ആക്ടിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപകടത്തിൽപ്പെടുന്ന കരിങ്കൽ തൊഴിലാളികൾക്ക് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിന് ബന്ധപ്പെട്ട വർക്ക്മെൻസ് കോമ്പൻസേഷൻ കമ്മീഷണർ മുമ്പാകെ അപേക്ഷ സമർപ്പിച്ച് പരിഹാരം കാണാവുന്നതാണ്.

(15) ചീക്കോട്, കീഴ്പ്പറമ്പ്, മഞ്ചേരി, അർബൻ വാട്ടർ സപ്ലൈ സ്കീമുകളുടെ പണി

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, മഞ്ചേരി നിയോജകമണ്ഡലത്തിൽ എൽ.ഐ.സി.യുടേയും വിവിധ സാമ്പത്തിക ഏജൻസികളുടെയും സഹായത്തോടുകൂടി ആരംഭിച്ചിട്ടുള്ള ശുദ്ധജലവിതരണ പദ്ധതികൾ കമ്മിഷൻ ചെയ്യാത്തതുകൊണ്ട് ആ നിയോജക മണ്ഡലത്തിലെ ജനങ്ങൾ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. കേരളത്തിലെ ഏറ്റവും വലിയ പഞ്ചായത്താണ് ചീക്കോട് പഞ്ചായത്ത്. അവിടത്തെ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം യാതൊന്നും ഇതുവരെ ആരംഭിച്ചിട്ടില്ല. കിണറ്റിന്റേയും അതു പോലെ ടാങ്ക് നിർമ്മിക്കാനും പൈപ്പ് ഇടാനുമുള്ള പ്രവർത്തനങ്ങൾ യാതൊന്നും ഇതുവരെ ആരംഭിച്ചിട്ടില്ല. പ്രസ്തുത പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. കീഴ്പറമ്പ് ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം 90 ശതമാനം പൂർത്തിയായിട്ടുണ്ട്. എങ്കിലും പൈപ്പിന്റെ ലഭ്യതക്കുറവുമൂലം ജലവിതരണം നടത്താൻ സാധിച്ചിട്ടില്ല. അതിനാവശ്യമായ പൈപ്പ് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മഞ്ചേരി അർബൻ വാട്ടർസപ്ലൈ സ്കീമിന്റെ പണി 80 ശതമാനം പൂർത്തിയായിട്ടുണ്ടെങ്കിലും മഞ്ചേരി മുനിസിപ്പാലിറ്റിയിലെ എല്ലാ പ്രദേശത്തും അതിന്റെ പ്രയോജനം ലഭിച്ചിട്ടില്ല. മഞ്ചേരി മുനിസിപ്പാലിറ്റിയിൽ എല്ലാ ജനങ്ങൾക്കും അതിന്റെ ഗുണം ലഭിക്കുന്നതിനുള്ള പ്രവർത്തനത്തിന് നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, എൽ.ഐ.സി.യുടെ സഹായത്തോടുകൂടി ചീക്കോട് മുതുവല്ലൂർ പഞ്ചായത്തുകൾക്കുവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതിക്കാവശ്യമായ കിണറിന്റേയും പമ്പ്ഹൗസിന്റേയും പണിയും ശുദ്ധീകരണശാലയുടെ പണിയും റീടെൻഡർ ചെയ്തുകഴിഞ്ഞു ചാലിയാർപുഴ സ്രോതസ്സായിട്ടുള്ള ഈ പദ്ധതിക്ക് ആവശ്യമായ സ്ഥലമെടുപ്പ് പ്രക്രിയ മിക്കവാറും പൂർത്തിയായിട്ടുണ്ട്. പമ്പിംഗ് മെയിനിന്റേയും ഗ്രാവിറ്റി മെയിനിന്റേയും പണികൾ നടന്നുവരുന്നു. വിതരണശൃംഖലയ്ക്കുവേണ്ടിയുള്ള പൈപ്പുകളുടെ ടെൻഡർ സർക്കാരിന്റെ പരിഗണനയിലാണ്. 2001 ഡിസംബറിൽ ഈ പദ്ധതി കമ്മിഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. 1996-ൽ ആരംഭിച്ച കീഴ്പറമ്പ് ശുദ്ധജല വിതരണ പദ്ധതിയുടെ കിണർ, ഗ്യാലറി, പമ്പിംഗ് മെയിൻ പമ്പ്ഹൗസ് എന്നിവ പൂർത്തിയായി. പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ടാങ്കിനുവേണ്ട സ്ഥലം ലഭ്യമാക്കുന്നതിലെ തർക്കം കാരണം ടാങ്കിന്റെ രൂപകല്പന മാറ്റേണ്ടിവന്നു. ഇപ്പോൾ ടാങ്കിന്റെ ജോലി ധൃതഗതിയിൽ നടന്നുവരുന്നു. 2000 ഏപ്രിൽ 15-നകം പണി പൂർത്തിയാകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വിതരണ ശൃംഖലയ്ക്ക് ആവശ്യമായ പൈപ്പുകൾ വാങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അത് ലഭിക്കുന്ന മുറയ്ക്ക് വിതരണ പൈപ്പുകൾ സ്ഥാപിച്ച് 2000 ഡിസംബറിൽ തന്നെ പദ്ധതി കമ്മിഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly